**15 -ാം കേരള നിയമസഭ**

**1 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 692** **09-06-2021 - ൽ മറുപടിയ്ക്ക്**

**പേരാവൂരിലെ കണിച്ചാർ, കേളകം, കൊട്ടിയൂർ പഞ്ചായത്തുകളിലെ കുടിവെള്ള പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സണ്ണി ജോസഫ് | | Shri Roshy Augustine<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | പേരാവൂർ നിയോജകമണ്ഡലത്തിലെ കേളകം, കണിച്ചാർ, കൊട്ടിയൂർ പഞ്ചായത്തുകൾക്കായുള്ള കുടിവെള്ള പദ്ധതിയുടെ നിർമ്മാണ പുരോഗതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ; പദ്ധതി പൂർത്തീകരണത്തിനുള്ള കാലതാമസം ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ? | (എ) | പേരാവൂർ നിയോജകമണ്ഡലത്തിലെ കേളകം, കണിച്ചാർ, കൊട്ടിയൂർ പഞ്ചായത്തുകൾക്കായുള്ള കുടിവെള്ള പദ്ധതിക്ക് NABARD TRANCHE XXIII-ൽ 3525 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത പദ്ധതിയുടെ പാക്കേജ് 1 ൽ ഉൾപ്പെട്ടിട്ടുള്ള കിണർ, പമ്പിങ് മെയിൻ ശുദ്ധീകരണശാല എന്നിവയുടെ 51% പ്രവൃത്തിയും പാക്കേജ് II ലുള്ള ഗ്രാവിറ്റി മെയിനിന്റെ 75% വും പൂർത്തീകരിച്ചിട്ടുണ്ട്. പാക്കേജ് III യിലുള്ള പമ്പിങ് മെയിൻ സ്ഥാപിക്കുന്നതിനാവശ്യമായ 8.83 കി.മീ. പൈപ്പുകളിൽ 1.80 കി.മീ. കരാറുകാരൻ വിതരണം ചെയ്തിട്ടുണ്ട്. ടാങ്കുകളുടെ നിർമ്മാണം ആരംഭിച്ചിട്ടില്ല. പാക്കേജ് IV ൽ ഉൾപ്പെട്ടിട്ടുള്ള ടാങ്കുകളുടെയും ട്രാൻസ്മിഷൻ മെയിനും നിരവധി തവണ ടെണ്ടർ ചെയ്തെങ്കിലും പ്രവൃത്തി ഇതുവരെ ആരും ഏറ്റെടുത്തില്ല. ടെണ്ടർ തുറക്കുന്ന തീയതി 05.06.2021 വരെ ദീർഘിപ്പിച്ചു നൽകിയിട്ടുണ്ട്. പ്രവൃത്തി ദ്രുതഗതിയിൽ തീർക്കുന്നതിനാവശ്യമായ മാർഗ്ഗ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട് |

സെക്ഷൻ ഓഫീസർ